>> റിപ്പോർട്ട്

ശിഹാബ് പൂക്കോട്ടൂർ

# ചരിത്രസാക്ഷ്യമായി എസ്.ഐ.ഒ മുൻ സംസ്ഥാന സമിതിയംഗങ്ങളുടെ കുടുംബസംഗമം

**'അല്ലാഹു** വലിയവനാണ്' എന്നുറക്കെ വിളിച്ച് വിപ്ലവത്തിന്റെ ചുവപ്പും സാർവലൗകികതയുടെ നീലയും ശാന്തിയുടെ വെള്ളയും വാനിലുയർത്തി അവർ ആത്മഹർഷം കൊണ്ടു. അവരുടെ ഹൃദയാന്തരങ്ങളിലൂടെയും വദനങ്ങളിലൂടെയും ഏറെ ഭാവങ്ങളും ഓർമകളും മിന്നിമറഞ്ഞു. ചരിത്രം തിരുത്തിയ ഓർമകൾക്കുമുന്നിൽ തലകുനിച്ചുനിൽക്കാതെ ആർജവത്തോടെ അവർ വീണ്ടും വീണ്ടും ഏറ്റുപറഞ്ഞു. ഹൽഖാ അമീർ ചൊല്ലികൊടുത്ത പ്രതിജ്ഞാ വാചകങ്ങൾ ഉരുവിടുമ്പോൾ ആത്മാഭിമാനത്തിന്റെ കാൽ നൂറ്റാണ്ടിനെ അവരുടെ മധുരസ്മരണയിൽ കൊണ്ടുവന്നു. യുവത്വത്തിന്റെ നഷ്ടപ്പെട്ടിട്ടില്ലാത്ത രോഷം അവരുടെ മുഖങ്ങൾക്ക് കൂടുതൽ സൗന്ദര്യമേകി. തികവാർന്ന ആത്മവിശുദ്ധിയുടെ നിമിഷങ്ങൾ!

ഓർമകൾ ചരിത്രത്തിൽ മയങ്ങിക്കിടക്കാറില്ല. അത് പലവഴികളിലൂടെ ഒഴുകി പ്പരക്കും, വീറുറ്റ ഇതിഹാസങ്ങളും കരുത്തുറ്റ വ്യക്തികളും അതിലൂടെ പിറവിയെടുക്കും. പരാഗണ പ്രക്രിയ പോലെ. ശക്തമായ ഓർമകൾ പ്രമാണങ്ങൾ തന്നെയാണ്. മുന്നോട്ട് പോകാൻ പ്രചോദനവും തിന്മകളിൽനിന്ന് അകന്നുമാറാനുള്ള ഗുണപാഠവും അത് നൽകുന്നു. അവർക്ക് ഏറെ പറയാനുണ്ടായിരുന്നു. ഇന്നലെയുടെ ത്യാഗപൂർണമായ യൗവനത്തെക്കുറിച്ച്. കണ്ണീരിന്റെ ഉപ്പും വിയർപ്പിന്റെ ചവർപ്പുമില്ലാതെ ഏതു വിപ്ലവമാണ് വിജയത്തിലെത്തിയത്. അവരുടെ ത്യാഗപൂർണവും ദുരിതപൂർണവുമായ ജീവിതത്തിൽ വിലയംപ്രാപിച്ച കുടുംബങ്ങൾ അവരുടെ അനുഭവങ്ങൾക്ക് കൂടുതൽ തിളക്കമേകി.

എസ്.ഐ.ഒ കേരളഘടകം ഏപ്രിൽ 18-ന് തൃശ്ശൂരിലെ പീച്ചിയിൽ വെച്ച് നടത്തിയ 1983 മുതൽ 2010 വരെയുള്ള സംസ്ഥാന സമിതിയംഗങ്ങളുടെയും കുടുംബങ്ങളുടെയും ചരിത്രസംഗമത്തിൽ പങ്കാളികളാവാൻ സാധിച്ചതിൽ ദൈവത്തെ അവർ ഏറെ പ്രകീർത്തിച്ചു. ചിന്തിച്ചും ക്ഷീണിച്ചും നടന്നും തളർന്നും നരബാധിച്ചവർ പുതിയ തലമുറയുടെ നരബാധിക്കാത്ത ചടുലതയിൽ അളവറ്റ് സന്തോഷിച്ചു. ഓർമകളുടെ നിശ്വാസങ്ങൾക്കും നെടുവീർപ്പുകൾക്കുമിടയിൽ പുതിയ തലമുറയെ നെഞ്ചോട് ചേർത്ത് അവർ കൈമാറിയത് തങ്ങളിൽ അവശേഷിക്കുന്ന യുവത്വത്തെയാണ്. കൂടുതൽ കരുത്തോടെ ഇതിനെ മുന്നോട്ടു നയിക്കാൻ വേണ്ടി. 27 വർഷങ്ങൾ പിന്നിട്ട ഇസ്‌ലാമിക വിദ്യാർഥിപ്രസ്ഥാനം ചരിത്രത്തിലേക്ക് ആവേശപൂർവം തിരിഞ്ഞുനോക്കാൻ തീരുമാനിച്ചപ്പോൾ രൂപപ്പെട്ട സംഗമമായിരുന്നു ഇത്. ഗൾഫിൽ നിന്ന് ലീവെടുത്തും ശാരീരിക പ്രയാസങ്ങളെ പടിക്കു പുറത്ത് നിർത്തിയും ഏറെ ഊർജസ്വലതയോടെ അവർ ഈ അനുഭൂതിയുടെ സ്വരലയത്തിൽ ചേർന്നു. എസ്.ഐ.ഒവിന്റെ ആദ്യത്തെ മെമ്പറും ഒന്നാമത്തെ മീഖാത്തിലെ സംസ്ഥാന സമിതിയംഗവുമായ കെ.എം ബഷീർ സാഹിബ് മുതൽ ഏറ്റവും ഇളംതലമുറയിലെ അംഗങ്ങൾ വരെ സംഗമത്തിലുണ്ടായിരുന്നു. പ്രവാഹത്തെ തടഞ്ഞുനിർത്തിയവരും പ്രവാഹത്തെ ഗതിമാറ്റിയവരും പുതിയ പ്രവാഹത്തെ നിർമിച്ചവരും ഒക്കെ ഉണ്ടായിരുന്നു കൂട്ടത്തിൽ. രണ്ടാം മീഖാത്തിലെ സംസ്ഥാന സമിതിയംഗമായിരുന്ന സി. സൈതലവി സാഹിബിന്റെ ഓർമയിൽ അവർ അൽപനേരം നിശ്ശബ്ദരായി. രോഗം ബാധിച്ചവർക്ക് വേണ്ടിയവർ ഉള്ളറിഞ്ഞു പ്രാർഥിച്ചു. വിദേശത്ത് ജോലി ചെയ്യുന്നവരും പ്രസ്ഥാനപ്രവർത്തനം നടത്തുന്നവരുമായ മുൻ സമിതിയംഗങ്ങളെ ഇടക്കിടെ സ്മരിച്ചു. പി.എ അബ്ദുൽ ഹക്കീം സാഹിബ് തന്റെ മീഖാത്തിലെ സമിതിയംഗങ്ങളെ പരിചയപ്പെടുത്തി തുടങ്ങിയ രണ്ടാം സെഷൻ 2010 വരെ നീളുന്ന മീഖാത്തുകളിലെ പ്രസിഡന്റുമാരുടെയും അവരുടെ സമിതിയംഗങ്ങളുടെയും ഏറെ നേരം

നീണ്ടുനിന്ന പരിചയപ്പെടുത്തലിലൂടെയാണ് അവസാനിച്ചത്. പരിഭവങ്ങളുടെയും നർമങ്ങളുടെയും ഏറെ ഹൃദ്യമായ സെഷനായി അത് മാറുകയും ചെയ്തു.

നജ്റാനിലെ ക്രിസ്ത്യാനികൾക്ക് മസ്ജിദുന്നബവിയിൽ പ്രാർഥിക്കാൻ സൗകര്യം നൽകിയ പ്രവാചകന്റെ പിൻഗാമികൾക്ക് വലങ്ങന്നൂരിലെ ചർച്ചിലെ അധികാരികൾ നമസ്കരിക്കാൻ സൗകര്യമൊരുക്കികൊടുത്തു. ചരിത്രത്തിലെ അപൂർവ നിമിഷങ്ങൾ! ഈ സാത്വികരായ വിപ്ലവകാരികൾക്കല്ലാതെ പിന്നെയാർക്കാണ് പ്രവാചകന്റെ അനന്തരമെടുക്കാൻ സാധിക്കുക. അതെ, അവർ ജീവിതത്തിൽ പുലർത്തിയ നിലപാടുകൾക്ക് കാലം തിരിച്ചുനൽകിയ സന്തോഷം. മധുരവും ധന്യവുമായ ആ നിമിഷങ്ങളെ അവർ ചരിത്രത്തിന്റെ ശരിയായ പ്രയാണത്തിന് വേണ്ടി നീക്കിവെച്ചു. പടിയിറങ്ങുമ്പോൾ ചരിത്രത്തിന്റെ സാക്ഷ്യങ്ങളായി അവർ ഒരുമിച്ചിരുന്ന് ഫോട്ടോയെടുത്തു. മായ്ക്കാനാവാത്ത അടയാളങ്ങളായി അവർ അവശേഷിച്ചു.

എസ്.ഐ.ഒ മുൻ സംസ്ഥാന സമിതിയംഗങ്ങളുടെയും അവരുടെ കുടുംബങ്ങളുടെയും ഒത്തുചേരൽ ജമാഅത്തെ ഇസ്‌ലാമി കേരളാ ഹൽഖാ അമീർ ടി. ആരിഫലി ഉദ്ഘാടനം ചെയ്തു. എസ്.ഐ.ഒ കേരളാഘടകം പ്രസിഡന്റ് പി.എം സാലിഹ് അധ്യക്ഷത വഹിച്ചു. ജമാഅത്തെ ഇസ്‌ലാമി അസി. അമീർ ശൈഖ് മുഹമ്മദ് കാരകുന്ന് 'എസ്.ഐ.ഒ അനുഭവങ്ങൾ ഓർമകൾ' എന്ന സെഷനിൽ അധ്യക്ഷത വഹിച്ചു. ജമാഅത്തെ ഇസ്‌ലാമി അസി. അമീർ എം.ഐ അബ്ദുൽ അസീസ് സമാപനം നടത്തി. എസ്ഐ.ഒ കേരള ജനറൽ സെക്രട്ടറി എസ്. ഇർഷാദ് സ്വാഗതവും സെക്രട്ടറി ടി. ശാക്കിർ നന്ദിയും പറഞ്ഞു. ■